## പതിനാലാം കേരള നിയമസഭ
### പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം.4986

14/11/2019 ൽ മറുപടിക്ക്

## സർവ്വെയും ഭൂരേഖയും വകുപ്പിലെ നിയമനം

**ചോദ്യം**
**ശ്രീ.വി.പി.സജീന്ദ്രൻ**

**മറുപടി**
**ശ്രീ.ഇ.ചന്ദ്രശേഖരൻ**
**(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| (എ) | സർവ്വെയും ഭൂരേഖയും വകുപ്പിൽ നിലവിൽ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകൾ ഉണ്ടോ; ഉണ്ടെങ്കിൽ എത്ര എന്നും എപ്പോൾ റിപ്പോർട്ട് ചെയ്യാൻ സാധിക്കുമെന്നും അറിയിക്കുമോ; | (എ) | സർവ്വെയും ഭൂരേഖയും വകുപ്പിൽ പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്യാത്ത 127 ഒഴിവുകളുണ്ട്. ടി ഒഴിവുകൾ പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | സർവ്വെയും ഭൂരേഖയും വകുപ്പിലെ സെക്കന്റ് ഗ്രേഡ് സർവ്വേയർ തസ്തികയിൽ നടന്ന മുൻനിയമനങ്ങൾ പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും ആണോ നികത്തിയിട്ടുള്ളത് എന്നും മേൽപ്പടി നിയമനങ്ങൾ സ്ഥിരം നിയമനങ്ങളാണോ എന്നും വ്യക്തമാക്കുമോ; | (ബി) | സർവ്വെയും ഭൂരേഖയും വകുപ്പിലെ സെക്കന്റ് ഗ്രേഡ് സർവ്വെയർ തസ്തികയിൽ നടന്ന മുൻനിയമനങ്ങൾ പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും നികത്തിയിട്ടുള്ളതാണ്. |
| (സി) | ഇങ്ങനെ നടത്തിയ നിയമനങ്ങൾക്ക് ധനകാര്യ വകുപ്പിന്റെ അനുമതി ഉണ്ടോ; ഉണ്ടെങ്കിൽ നിലവിലുള്ള ഒഴിവുകൾക്ക് തുടർച്ചാനുമതി വേണമെന്ന സാങ്കേതികത്വം വ്യക്തമാക്കാമോ? | (സി) | സർവ്വേ വകുപ്പിൽ നിലവിലുള്ള 2999 തസ്തികകളിൽ പി.എസ്.സി റാങ്ക് ലിസ്റ്റിൽ നിന്നുമാണ് നിയമനം നടത്തിയിരിക്കുന്നതെങ്കിലും പ്രസ്തുത തസ്തികകൾ സംസ്ഥാനത്തെ റീസർവ്വെ പ്രവർത്തനങ്ങൾക്കായി താല്ക്കാലികാടിസ്ഥാനത്തിൽ സൃഷ്ടിക്കപ്പെട്ടവയാണ്. ആയതിനാലാണ് ഓരോ വർഷവും തുടർച്ചാനുമതി നൽകേണ്ടി വരുന്നത്. നിലവിൽ ടി താല്ക്കാലിക തസ്തികകൾക്ക് 30.09.2020 വരെ (ഒരു വർഷത്തേയ്ക്ക്) തുടർച്ചാനുമതി നൽകിയിട്ടുള്ളതിനാൽ സർവ്വേ വകുപ്പിൽ ഒഴിവുള്ള തസ്തികകൾ നികത്തുന്നതിന് തടസ്സങ്ങളില്ല. |

സെക്ഷൻ ഓഫീസർ